# കേരളം ആയുർവേദത്തിന്റെ സിരാകേന്ദ്രം ആകണം: വയലാർ രവി

## ആഗോള ആയുർവേദ ഉത്സവത്തിനു തിരിതെളിഞ്ഞു

തിരുവനന്തപുരം : കേരളത്തിന്റെ ആയുർവേദ പാരമ്പര്യത്തെ ഉയർത്തിക്കാട്ടി ആഗോള ആയുർവേദ ഉത്സവത്തിനു തലസ്ഥാനനഗരിയിൽ തിരിതെളിഞ്ഞു. വിദേശീയരടക്കം വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ, ആഗോള ആയുർവേദ ഉത്സവത്തിനു തിരിതെളിഞ്ഞു. ഉത്സവം ഉദ്ഘാടനം ചെയ്ത് സംസാരിച്ച കേന്ദ്ര പ്രവാസികാര്യ വകുപ്പ് മന്ത്രി വയലാർ രവി, ആയുർവേദമാണ് ഭാരതീയ ചികിത്സാ സമ്പ്രദായത്തിന്റെ ആത്മാവെന്ന് ചൂിക്കാട്ടി. കേന്ദ്ര-കേരള സർക്കാരുകൾ മുൻകൈയെടുത്ത് ആയൂർവേദ മേഖലയുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരം സംരംഭങ്ങളിലൂടെ കേരളത്തെ ആയൂർവേദത്തിന്റെ സിരാകേന്ദ്രം ആക്കിത്തീർക്കാൻ നമുക്ക് സാധിക്കുമെന്നും മന്ത്രി പ്രത്യാശ പ്രകിപ്പിച്ചു.

പ്രശസ്ത കർണ്ണാടക സംഗീതജ്ഞ ഡോ. ഓമനക്കുട്ടിയുടെ പ്രാർത്ഥന ഗീതത്തോടെ ആരംഭിച്ച ചടങ്ങിൽ, അഷ്ടവൈദ്യൻ വൈദ്യമഠം ബ്രഹമശ്രീ ചെറിയ നാരായണൻ നമ്പൂതിരിയെ വയലാർ രവി പൊന്നാടയണിച്ച് ആദരിച്ചു.

പരസ്യങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും പണം സമ്പാദിക്കാനുള്ള ഒരു മാർക്ഷം ആയി ആയുർവേദം മാറിയിട്ടുന്നെും ഇത്തരത്തിലുള്ള മൂല്യച്ച്യുതി ഒഴിവാക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും ഉപഹാരം സ്വീകരിച്ചുകൊ് അദ്ദേഹം അഭ്യർത്ഥിച്ചു.

ആയുർവേദ മൂല്യങ്ങൾ ലോകജനതയുടെ മുന്നിൽ തുറന്നുകാട്ടുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം എന്ന്, തന്റെ സ്വാഗത പ്രസംഗത്തിൽ എം.എൽ.എ പാലോട് രവി പറഞ്ഞു. തുടർന്ന് സിസ( സെന്റർ ഫോർ ഇന്നവേഷൻസ് ഇൻ സയൻസ് ആൻഡ് സോഷ്യൽ ആക്ഷൻ) യുടെ പ്രസിഡന്റ് ഡോ. ജി.ജി. ഗംഗാധരൻ ഉത്സവത്തിന്റെ മുഖ്യാകർഷണമായ ആരോഗ്യ എക്സ്പ്പോയെപ്പറ്റി വിശദീകരിച്ചു.

ആയുർവേദവുമായി ഇപ്പോഴും ആത്മബന്ധം സൂക്ഷിക്കുന്ന കാർഷിക വകുപ്പ് മന്ത്രി കെ.പി. മോഹനൻ,

വ്യാജന്മാരുടെ കടന്നുകയറ്റം ആയുർവേദമേഖലയ്ക്കും ഭീഷണിയായിട്ടുന്ന് അഭിപ്രായപ്പെട്ടു. ഉടനടിയുള്ള രോഗവിമുക്തിയാണ് അലോപ്പതിയിലേക്ക് തിരിയാൻ ഇന്നത്തെ ജനസമൂഹത്തെ പ്രേരിപ്പിക്കുന്നത്. എന്നാൽ ആയുർവേദം കാലഹരണപ്പെട്ടുപോകുന്ന ഒന്നല്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.
തുടർന്ന് പങ്കജകസ്തൂരിയുടെ മാനേജിംഗ് ഡയറക്ടർ പദ്മശ്രീ ഡോ. ജെ. ഹരീന്ദ്രനെയും വയലാർ രവി അനുമോദിച്ചു. മേയർ അഡ്വ. കെ.ചന്ദ്രിക. വിദേശിയരും തദേശീയരുമായ 2000-ഓളം ഡെലിഗേറ്റുകളെ തലസ്ഥാനത്തേക്ക് സ്വാഗതം ചെയ്തു. ചടങ്ങിൽ ഡോ. അനിത ജേക്കബ്, ഡോ.സി. രത്നാകരൻ, ഡോ. ടി. ശിവദാസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ആഗോള ആയുർവേദ ഉത്സവത്തിന്റെ സെക്രട്ടറി ജനറൽ ഡോ. എം. ആർ. വി. നംമ്പൂതിരിയുടെ നന്ദിപ്രകാശനത്തോടെ ഉദ്ഘാടനച്ചടങ്ങുകൾ അവസാനിച്ചത്.
കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ കാൻസർ സെൽ യൂണിറ്റ് ആൻഡ് ഡിപ്പാർട്ട്മെന്റ് ഓഫ് ഓൻകോളജിയിലെ ഗവേഷകനായ ഡോ. മദൻ തങ്കവേലു ജീനോമുകളെ കുറിച്ചുള്ള തന്റെ പ്ലീനറി പ്രസംഗത്തിൽ ആധുനിക ജീവ ശാസ്ത്രത്തിന്റെ സംഗ്രഹിക്കാനാവാത്ത അനവധി ചോദ്യങ്ങൾക്കുള്ള ഉത്തരം ആയുർവേദത്തിലൂടെ കത്തൊനാവുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു.
അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ആയുർവേദം ശാരീരിക പ്രവർത്തനങ്ങളെ മനസിലാക്കുന്നതിനുള്ള പുതിയ ഭാഷയാണ്. മറ്റൊരു സെഷനിൽ ഡോ. അശ്വനി കുമാർ റാവത്ത് ആധുനിക ശാസ്ത്രത്തെ ആയുർവേദവുമായി കോർത്തിണക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് സംസാരിച്ചു.
ആരോഗ്യകരമായ ജീവിതശൈലി എന്ന വിഷയത്തിൽ ഡോ. കെ. മുരളീധരൻ പിള്ള, ഡോ. കെ.വി. ശശികുമാർ, സുലോചന ഭട്ട് എന്നിവർ സംസാരിച്ചു. ഡോ. വേലായുധൻ നായർ, ഡോ. ആർ. രമേശ് , ഡോ. പി. കെ.വി.ആനന്ദ് എന്നിവർ അമിതവണ്ണം എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു, പ്രമേഹത്തെക്കുറിച്ച് ഡോ. കെ. ശശിധരൻ, ഡോ. കെ. മുരളി, ഡോ. വിനോദ് ബാബു എന്നിവരും , നാഡീ സംബന്ധമായ അസുഖങ്ങളെക്കുറിച്ച് ഡോ. എം. പി. ഈശ്വരൻ ശർമയും , ഡോ. പ്രകാശ് മംഗലശ്ശേരിയും സംസാരിച്ചു.

**നാളെ ആയുർവേദ ഉത്സവ വേദിയിൽ**

ആഗോള ആയുർവേദ ഉത്സവമുയി ബന്ധപ്പെട്ട് ആയുഷ് ക്ലിനിക്ക് തുറന്ന് പ്രവർത്തിക്കുന്നതാണ്. സൗജന്യ പ രിശോധന ലഭ്യമായിരിക്കും. വിവിധ പ്ലീനറി സെഷനുകളിൽ ഡോ. ബി. എം. ഹെഗ്ഡെ, ജർമ്മനിയിൽ നിന്നുള്ള ഡോ. ഹോർസ്റ്റ് പ്രുസന്റക്, അന്നാ സ്പുഡിക് തുടങ്ങി ഒട്ടേറെ പ്രശസ്തർ പങ്കെടുക്കുന്നു. പ്രമേഹം, വന്ധ്യതയും പ്രസവശുശ്രൂഷയും, ഹൈപ്പർ ടെൻഷൻ, കാൻസർ തുടങ്ങിയ വിഷയങ്ങളിൽ പ ാരലൽ സെഷനുകളും ഉായിരിക്കുന്നതാണ്.

For more info:

Dr. C. Suresh Kumar/ General Secretary, CISSA

09447205913

Sanjeev/ Siyahi – The Content & PR People

09847044636